**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഉദുമ മണ്ഡലത്തിൽ നാളിതുവരെയായി എത്ര കെ-ഫോൺ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്താമാക്കുമോ; | (എ) | ഉദുമ മണ്ഡലത്തിൽ നാളിതുവരെയായി 958 കെ-ഫോൺ കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. അതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കു സൗജന്യമായി നൽകുന്ന പദ്ധതി പ്രകാരമുള്ള 180 കണക്ഷനുകളും 570 വാണിജ്യ കണക്ഷനുകളും സർക്കാർ ഓഫീസ്/ സ്ഥാപനങ്ങളിൽ നൽകിയിരിക്കുന്ന 208 കണക്ഷനുകളും ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എത്ര സൗജന്യ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 180 കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | ഉദുമ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ ഇനി കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (സി) | ഉദുമ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ 259 കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. പ്രസ്തുത പ്രൊവൈഡർമാരെ കണ്ടെത്തുന്നതിൽ വന്ന ബുദ്ധിമുട്ടും, ഫൈബർ സ്ഥാപിക്കുന്നതിൽ ഉള്ള പരിമിതിയും കാരണമാണ് കണക്ഷൻ നൽകാൻ സാധിക്കാതെ വന്നത്. അപേക്ഷ സമർപ്പിച്ചവർക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ഡി) | സംസ്ഥാനത്തെ സ്വകാര്യ ലൈബ്രറികൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ